LIBRARY ARCHIVES Kerala Legislative Assembly

## വിനോദസഞ്ചാര വികസനം

**302 (949)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഉണ്ടായ വരുമാന കുറവ് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) തദ്ദേശ-ആഭ്യന്തര ടൂറിസം വരുമാനത്തിലുണ്ടായ കുറവ്/വർദ്ധന വ്യക്തമാക്കുമോ ;

(സി) ടൂറിസ്റ്റുകൾക്കായി നടത്തപ്പെടുന്ന പരിപാടികളിൽ എത്രമാത്രം ടൂറിസ്റ്റ് പങ്കാളിത്തമുണ്ടായി എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത മേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ ?

### ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ കണക്കുകളിൽ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 2011-ൽ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം 19037 കോടിയും 2012-ൽ ഇത് 20430 കോടിയുമാണ്. 2011-നെ അപേക്ഷിച്ച് 7.32% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2011, 2012 വർഷങ്ങളിലെ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ കണക്കുകളുടെ അടിസ്ഥാനത്തിൽ 2011-ൽ 4221.99 കോടി രൂപ വിദേശ നാണ്യവും 2012-ൽ 4571.69 കോടി രൂപ വിദേശ നാണ്യവും സംസ്ഥാനത്തിനു നേടാൻ സാധിച്ചു. തദ്ദേശ ടൂറിസം വരുമാനത്തിൽ നിന്നുള്ള കണക്ക് യഥാക്രമം 10131.97 കോടി രൂപയും 10883 കോടി രൂപയുമാണ്. 2011 -ലെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനങ്ങളിൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികൾ വിനോദസഞ്ചാരികളെ മാത്രം ഉദ്ദേശിച്ചല്ല ആസൂത്രണം ചെയ്തു നടത്താറുള്ളത്. തദ്ദേശീയരായ കലാസ്വാദകർക്കും കൂടി ആസ്വദിക്കുന്നതിനു വേണ്ടിയാണ് ഇവ നടത്തപ്പെടുന്നത്. എന്നാൽ ഇത്തരം പരിപാടികളിൽ സ്വദേശ, വിദേശ സഞ്ചാരികളുടെ മികച്ച പങ്കാളിത്തം ഉണ്ടാകാറുണ്ട്. പ്രസ്തുത പരിപാടികൾ കാണാനെത്തുന്ന സഞ്ചാരികളുടെ എണ്ണം തിട്ടപ്പെടുത്താറില്ല.

(ഡി) വിവിധ ജില്ലാ ആസ്ഥാനങ്ങളിലും തിരുവനന്തപുരത്തും നടത്തപ്പെടുന്ന ഓണം വാരാഘോഷം, നിശാഗന്ധി നൃത്ത സംഗീതോത്സവം, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കേരളത്തിലെ തനതു കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിലേക്കായി നടത്തപ്പെടുന്ന 'ഉത്സവം' എന്ന പേരിലുള്ള പരിപാടി എന്നിവയാണ് പ്രധാനമായും ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ

സംഘടിപ്പിക്കപ്പെടുന്നത്. കൂടാതെ മറ്റ് കലാ സാംസ്കാരിക സംഘടനകൾ നടത്തുന്ന ടൂറിസ്റ്റുകൾക്കും കണ്ടാസ്വദിക്കാനുതകുന്ന വിവിധ പരിപാടികളിലും വകുപ്പ് പങ്കാളികളാകാറുണ്ട്. വിവിധ വള്ളം കളി മത്സരങ്ങൾ, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവങ്ങൾ ഉദാഹരണങ്ങളാണ്. കൂടാതെ, ടൂറിസം മേഖലയുടെ വികസനത്തിന് അടിസ്ഥാന സൗകര്യ വികസനത്തിലും വിപണനത്തിലും മാനവശേഷി വികസനത്തിനും സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ധനസഹായത്തോടെ നൂതനങ്ങളായ നിരവധി പദ്ധതികൾക്ക് അംഗീകാരം നൽകുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## മണിയാർ ഡാം ടൂറിസം പദ്ധതി

**303 (950)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിയാർ ഡാം ടൂറിസം പദ്ധതിക്ക് അനുമതി ലഭിച്ചതെന്ന് ; എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് ; ഇതിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏത് ഏജൻസിയാണ് ഏറ്റെടുത്തിരുന്നത് ; എത്ര നാളുകൾക്കകം പദ്ധതി പൂർത്തീകരിക്കാനാണ് കരാർ ചെയ്തിരുന്നത് ; എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയത് ; എത്ര തുക ഏജൻസിക്ക് നൽകിയിട്ടുണ്ട് ; ബാക്കി നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതുമൂലം, നിർമ്മാണം പൂർത്തിയാക്കിയ പ്രദേശം സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പെരുന്തേനരുവി ടൂറിസം പദ്ധതിക്കായി അനുവദിച്ച തുക, വിഭാവനം ചെയ്തിരുന്ന പദ്ധതികൾ, പൂർത്തീകരിച്ചതും, പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ, എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാനാവും എന്നീ വിവരങ്ങൾ നൽകുമോ ?

### ഉത്തരം

(എ) മണിയാർ ഡാം ടൂറിസം പദ്ധതിക്ക് 2010-ലാണ് അനുമതി നൽകിയത്. ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനായി പവലിയൻ, ടോയ്‌ലെറ്റ് ബ്ലോക്ക്, ലാന്റ് സ്കേപ്പ്, നടപ്പാത തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം സർക്കാർ സ്ഥാപനമായ സിഡ്കോയാണ് ഏറ്റെടുത്തിട്ടുള്ളത്. പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്ന് പവലിയനുകൾ, പാർക്കിംഗ്

LIBRARY ARCHIVES Kerala Legislative Assembly